# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1706 18.06.2012 -ൽ മറുപടിയ്ക്ക്

## രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചിട്ടികമ്പനികൾ സംസ്ഥാന-ത്തിനുള്ളിൽ തന്നെ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയില്ല. എന്നാൽ കേന്ദ്ര ചിട്ടിനിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ചിട്ടി തുടങ്ങുന്നതിന് അനുവാദം വാങ്ങണം. കൂടാതെ അവ രജിസ്റ്റർ ചെയ്യണം. |
| (ബി) | സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) | സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ട് കേരളത്തിൽ ബ്രാഞ്ചുകൾ തുടങ്ങുന്ന ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്ത സംസ്ഥാനത്ത് സജീവ പ്രവർത്തനം നടത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാറുണ്ടോ ; ഇല്ലെങ്കിൽ ഇനിയെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | കേന്ദ്ര ചിട്ടി നിയമം പ്രാബല്യത്തിൽ വന്നതിനാൽ ഇനി എല്ലാ ചിട്ടികളും സംസ്ഥാനത്തു തന്നെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.<br><br>(....................2) |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിൽ പ്രവർത്തിക്കാനായി അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ ? | (ഡി) | അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ചിട്ടികളാണെങ്കിലും, കേരള സംസ്ഥാനത്ത് അവയുടെ പ്രവർത്തനം നടത്തണമെങ്കിൽ സംസ്ഥാന സർക്കാർ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് കേന്ദ്ര ചിറ്റ് ഫണ്ട്സ് ആക്ടിലെ 4(1) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ അനുസരിച്ച് മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികളുടെ ഇവിടെയുള്ള പ്രവർത്തനം സംസ്ഥാനത്തിന് നിയന്ത്രിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**